# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: റ്റി 4645 — 28-06-2013 ൽ മറുപടിയ്ക്ക്

## നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.വർക്കല കഹാർ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന വിശദമാക്കുമോ; | (എ) | നെല്ലിന്റെ ഉല്പാദനച്ചെലവ് വർദ്ധിക്കുന്നതിനാനുപാതികമായി സംസ്ഥാന സർക്കാർ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ച നൽകുന്നുണ്ട്. 2011 വർഷം കിലോയ്ക്ക് 15/- രൂപ നിരക്കിൽ നൽകിയിരുന്ന സംഭരണ വില 2012 ൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് കിലോയ്ക്ക് 17/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് അനുദിനം വർദ്ധിച്ച വരുന്ന കൃഷിച്ചെലവുമൂലം ദുരിതമനുഭവിക്കുന്ന നെൽകർഷകർക്ക് ആശ്വാസമായി നെല്ലിന് ന്യായമായ വില ഉറപ്പു വരുത്തുന്നതിനാണ് സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല സംഭരണ പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; | (സി) | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ് സംസ്ഥാനത്ത് നെല്ല സംഭരണം നടപ്പിലാക്കി വരുന്നത്. |
| (ഡി) | ഇവ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | 2012 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും സപ്ലൈകോ മുഖാന്തിരം നെല്ല സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നു. സംഭരിക്കുന്ന നെല്ലിന്റെ വില കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് സപ്ലൈകോയിൽ നിന്നും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ